(സി) സംസ്ഥാനത്തെ വ്യവസായ സ്ഥാപനങ്ങളും സംരംഭങ്ങളും സുരക്ഷാ ഭീഷണി നേരിടുന്നതിനായി സ്വകാര്യ സുരക്ഷാ ഏജൻസികളെ ആശ്രയിക്കുന്ന ഈ കാലഘട്ടത്തിൽ അവയ്ക്ക് മതിയായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് എസ്.ഐ.എസ്.എഫ്. രൂപീകരിക്കപ്പെട്ടത്. സംസ്ഥാനത്തെ സ്വകാര്യ വ്യവസായ സ്ഥാപനങ്ങൾ, ധനകാര്യ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, എന്നിവയ്ക്ക് പേയ്മെന്റ് അടിസ്ഥാനത്തിൽ സുരക്ഷാ ഗാർഡുകളെ നൽകാൻ കഴിയുന്നതിലൂടെ ഗവൺമെന്റിന് സ്ഥിരമായ വരുമാനം ലഭിക്കുന്നതിനും സംസ്ഥാനത്തെ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ സുരക്ഷ ശക്തമാക്കാനും കഴിയുന്നു.

(ഡി) സംസ്ഥാനത്തെ വ്യവസായ സുരക്ഷാസേനയിലേയ്ക്ക് 500 തസ്തികകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിനായി സൃഷ്ടിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന പോലീസിൽനിന്നും 488 സേനാംഗങ്ങളെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുകയും അവരെ സംസ്ഥാനത്തെ വിവിധ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുടെ സുരക്ഷയ്ക്കായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

സ്കൂൾ അടിച്ചുതകർത്ത സംഭവം

143 (4478) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ :

(എ) 2015 ജൂൺ 24-ന് കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ദുർഗ്ഗാ ഹയർ സെക്കണ്ടറി സ്കൂൾ അടിച്ചു തകർത്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുസംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ ആരൊക്കെയാണ് പ്രതികളെന്നും ഏതൊക്കെ വകുപ്പുകൾ ചേർത്താണ് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും സംബന്ധിച്ച വിശദാംങ്ങൾ അറിയിക്കാമോ ;

(സി) കേസ്സിലെ പ്രതികൾക്ക് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുമായോ അവരുടെ പോഷക സംഘടനയുമായോ ബന്ധമുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ-സി) സ്കൂൾ അടിച്ചുതകർത്തതായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ ദുർഗ്ഗാ ഹൈസ്കൂളിൽ എ.ബി.വി.പി. വിദ്യാഭ്യാസ ബന്ദിനോടനുബന്ധിച്ച് സ്കൂൾ വിടാത്തതിനാൽ മറ്റ് കോളേജുകളിൽനിന്നും വന്ന എ.ബി.വി.പി. പ്രവർത്തകരായ വിദ്യാർത്ഥികൾ ന്യായവിരോധമായി ദുർഗ്ഗാ ഹൈസ്കൂളിന് മുൻവശം സംഘം ചേർന്ന് റോഡ് മാർഗ്ഗ തടസ്സം സൃഷ്ടിച്ചും പോലീസിന്റെ നിയമാനുസൃതമുള്ള ഉത്തരവ് അനുസരിക്കാത്തതുമായ

LIBRARY ARCHIVES Kerala Legislative Assembly

ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ഹോസ്ദുർഗ്ഗ് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 635/15 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ പ്രതികളായി (1) രാജേഷ്, S/o. രാജൻ, (2) വൈശാഖ്, S/o. ബാലകൃഷ്ണൻ പുള്ളൂർ, (3) പ്രണവ്, S/o. ബാകൃഷ്ണൻ, പരപ്പ എന്നിവരുൾപ്പെടെ കണ്ടാലറിയാവുന്ന 50-ഓളം എ.ബി.വി.പി. അനുഭാവികളായ വിദ്യാർത്ഥികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ 3 പ്രതികളെ അറസ്റ്റ് ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. കേസിൽ ഉൾപ്പെട്ട മറ്റ് പ്രതികളെ കണ്ടെത്താൻ ഊർജ്ജിത അന്വേഷണം നടത്തിവരുന്നു.

പോലീസ് വകുപ്പിലെ വാഹനങ്ങൾ

144 (4479) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസിൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെടെ എത്ര വാഹനങ്ങൾ നിലവിലുണ്ടെന്നും ആയതിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായുണ്ടെന്നും പ്രവർത്തനരഹിതമായവ എത്രയെന്നും ഇനം തിരിച്ച് വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത വാഹനമോടിക്കുന്ന പോലീസുദ്യോഗസ്ഥർ/ഡ്രൈവർമാർ എത്രയെന്നും ലൈറ്റ് /ഹെവി മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനായി എത്ര ഡ്രൈവർമാർ ആവശ്യമുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) നിലവിൽ പോലീസ് വകുപ്പിൽ, ഇരുചക്രവാഹനമുൾപ്പെടെയുള്ള വാഹനങ്ങളിൽ എത്ര വാഹനങ്ങൾക്ക് ആർ.റ്റി.ഒ.-യുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റും മലിനീകരണ സർട്ടിഫിക്കറ്റുമുണ്ടെന്നും ഇല്ലാത്തവ എത്രയെന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പോലീസ് വകുപ്പിന്റെ വാഹനങ്ങളിൽ 2011 മുതൽ 2015 വരെ എത്ര വാഹനങ്ങൾ അപകടത്തിൽപ്പെട്ടുവെന്നും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉള്ള വാഹനങ്ങൾ എത്ര അപകടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്, ഇല്ലാത്തവ എത്ര അപകടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട് ; വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ഇ) പോലീസ് വകുപ്പിൽ 15 വർഷത്തിൽ കൂടുതലായതും അല്ലാത്തതുമായ വാഹനങ്ങൾ എത്ര ; 2011-നുശേഷം വാങ്ങിയ വാഹനങ്ങളെത്രയെന്നും 2011-നു ശേഷം എത്ര വാഹനങ്ങൾ ലേലം ചെയ്തുവെന്നും എത്ര തുക ഈ വകയിൽ ലഭിച്ചു എന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly